ബോംബിനു പിന്നാലെ കള്ളവോട്ട്; സിപിഎം പ്രതിരോധത്തിൽ

സ്വന്തം ലേഖകൻ

കണ്ണൂർ: പാനൂരിലെ ബോംബ് സ്ഫോടനത്തെ സ്ഥാനാർഥിക്കുനേരേയുള്ള സൈബർ ആക്രമണംകൊണ്ട് പ്രതിരോധിക്കുന്നതിനിടെയാണു സിപിഎമ്മിനു കല്യാശേരിയിലെ കള്ളവോട്ട് തിരിച്ചടിയായിരിക്കുന്നത്.

കണ്ണൂർ ജില്ലയിലെ സിപിഎമ്മിന്റെ ശക്തികേന്ദ്രങ്ങളിൽ കള്ളവോട്ട് വ്യാപകമാണെന്ന പരാതിയാണ് യുഡിഎഫ് എക്കാലവും ഉപയോഗിക്കുന്നത്. ഇത്തവണയും ഇതു ശരിവയ്ക്കുന്ന കാര്യങ്ങളാണു പുറത്തുവന്നിരിക്കുന്നത്.

പാനൂരിൽ ബോംബ് നിർമാണത്തിനിടെ ബോംബ് പൊട്ടി സിപിഎം പ്രവർത്തകൻ കൊല്ലപ്പെട്ട സംഭവമായിരുന്നു വടകരയും കണ്ണൂരും ഉൾപ്പെടെയുള്ള ലോക്സഭാ മണ്ഡലങ്ങളിൽ യുഡിഎഫ് ഇതുവരെ പ്രചാരണമാക്കിയിരുന്നത്. ഇതിനെ, വടകരയിലെ എൽഡിഎഫ് സ്ഥാനാർഥി കെ.കെ. ശൈലജയ്ക്കുനേരേ നടക്കുന്ന സൈബർ ആക്രമണം ഉയർത്തിക്കാട്ടിയായിരുന്നു എൽഡിഎഫ് പ്രതിരോധം. ഇതിനിടയിലാണ്, കള്ളവോട്ട് കേസ് രംഗത്തുവന്നിരിക്കുന്നത്.

കല്യാശേരിയിലെ കള്ളവോട്ടിനെതിരേ സിപിഎം കേന്ദ്രകമ്മിറ്റിയംഗം പി.കെ. ശ്രീമതി മാത്രമാണ് പ്രതികരിച്ചിരിക്കുന്നത്. കല്യാശേരി വീട്ടിലെ വോട്ടിൽ തെറ്റായ കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ കൂടുനിൽക്കില്ലെന്നാണു ശ്രീമതി പത്രസമ്മേളനത്തിൽ പറഞ്ഞത്.

ഉദ്യോഗസ്ഥ തലത്തിലും അട്ടിമറിയോ?

വീട്ടിലെത്തി വോട്ട് ചെയ്യിപ്പിക്കൽ സിപിഎം ദുരുപയോഗം ചെയ്യുകയാണെന്നാണ് കല്യാശേരി സംഭവത്തിന്റെ പശ്ചാത്തലത്തിൽ കെ. സുധാകരൻ ഉൾപ്പെടെയുള്ള യുഡിഎഫ് നേതാക്കൾ ആരോപണമുന്നയിക്കുന്നത്. കല്യാശേരി പഞ്ചായത്തിലെ 164-ാം ബൂത്തിൽ ഇന്നലെയായിരുന്നു വോട്ടു ചെയ്യിപ്പിക്കൽ നടക്കേണ്ടിയിരുന്നത്. എന്നാൽ, 18നാണ് ഇവിടെ വോട്ട് നടന്നതെന്നും ഇക്കാര്യം യുഡിഎഫിന്റെയോ എൻഡിഎയുടെയോ ബൂത്ത് ഏജന്റിനെ അറിയിച്ചില്ലെന്നും എന്നാൽ, എൽഡിഎഫിന്റെ ബൂത്ത് ഏജന്റ് അവിടെ ഉണ്ടായിരുന്നതായും യുഡിഎഫ് പറയുന്നു. ഇതാണ്, ഉദ്യോഗസ്ഥതലത്തിലും അട്ടിമറി നടത്തുന്നുവന്ന യുഡിഎഫിന്റെ ആരോപണത്തിന്റെ അടിസ്ഥാനം.

പക്ഷിപ്പനി: പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ആരോഗ്യ വകുപ്പ്

തിരുവനന്തപുരം: ആലപ്പുഴയിൽ രണ്ട് സ്ഥലങ്ങളിലെ താറാവുകളിൽ പക്ഷിപ്പനി അഥവാ ഏവിയൻ ഇൻഫ്ളുവൻസ (എച്ച്5 എൻ1) കണ്ടെത്തിയ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. പക്ഷിപ്പനി പ്രതിരോധത്തിനായി എസ്ഒപി. പുറത്തിറക്കി. പക്ഷിപ്പനി മനുഷ്യരെ ബാധിക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം. രോഗബാധിത പ്രദേശങ്ങളിലുള്ളവരിലെ പനിയും മറ്റ് രോഗലക്ഷണങ്ങളും രണ്ടാഴ്ചക്കാലം പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശത്തിന്റെ മൂന്നു കിലോമീറ്റർ ചുറ്റളവിൽ ഫീവർ സർവേ നടത്തുകയും പനിയുള്ളവരിലെ തൊണ്ടയിലെ സ്രവമെടുത്ത് പരിശോധിച്ച് പക്ഷിപ്പനിയല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യും. പക്ഷിപ്പനി ബാധിച്ച പക്ഷികളുമായി ഇടപെട്ടവർ ക്വാറന്റൈൻ കൃത്യമായി പാലിക്കണം.

ഈ പ്രദേശത്തിന് 10 കിലോമീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളിൽ നിരീക്ഷണം ശക്തിപ്പെടുത്തും. ഏതെങ്കിലും പക്ഷികളെ ചത്തനിലയിൽ കണ്ടെത്തുന്ന സാഹചര്യത്തിൽ അപ്പോൾ തന്നെ റിപ്പോർട്ട് ചെയ്യണം. വൺ ഹെൽത്ത് പരിശീലനം ലഭിച്ച വോളണ്ടിയർമാരുടെ സേവനവും ലഭ്യമാക്കും.

ഏതെങ്കിലും സാഹചര്യത്തിൽ മനുഷ്യരിൽ പക്ഷിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നെങ്കിൽ ഐസൊലേഷൻ സെന്ററായി ആലപ്പുഴ ജനറൽ ആശുപത്രി സജ്ജീകരിച്ചിട്ടുണ്ട്. അടിയന്തിര സഹായങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസിലെ നമ്പറിൽ (0477 2251650) ബന്ധപ്പെടമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

പരിശീലനത്തിന് തുടക്കം

കൊച്ചി: എറണാകുളം നിയോജക മണ്ഡലത്തിലെ പ്ലസ്ടു വിദ്യാർഥികളെ രാജ്യത്തെ ഉന്നത സർവകലാശാലകളിൽ ഉപരിപഠനത്തിന് എത്തിക്കാൻ ലക്ഷ്യമിട്ടുള്ള ടി.ജെ. വിനോദ് എംഎൽഎയുടെ നേതൃത്വത്തിലുള്ള സിയുഇടി ബ്രിഗേഡ് പദ്ധതിയുടെ ഓൺലൈൻ കോച്ചിംഗിന് തുടക്കം.

ജെഎൻയു, പോണ്ടിച്ചേരി, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി ഉൾപ്പെടെ 44 ഉന്നത സർവകലാശാലകളും ഡീംഡ് സ്വകാര്യ സർവകലാശാലകളും ഉൾപ്പെടെ ഇരുന്നൂറിലേറെ സർവലാശാലകളിലേക്കുള്ള പ്രവേശനം ലഭിക്കുന്നതിനായി നടത്തുന്ന കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് പരീക്ഷയ്ക്കായി തയാറെടുക്കുന്ന മണ്ഡലത്തിലെ എല്ലാ വിദ്യാർഥികൾക്കും പരിശീലനം നൽകും. നിലവിൽ സിയുഇടി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത, പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർഥികൾ 9946364692 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഈ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യം ജനാധിപത്യ സംരക്ഷണം: പ്രകാശ് കാരാട്ട്

പാലക്കാട്: ജനാധിപത്യത്തിന്റെ സംരക്ഷണമാണ് ഈ തെരഞ്ഞെടുപ്പ് ലക്ഷ്യമിടുന്നതെന്നു സിപിഎം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് അഭിപ്രായപ്പെട്ടു. ബിജെപിക്കും ആർഎസ്എസിനും എതിരേ ജനം വിധിയെഴുതും. ഇടതുപക്ഷം പാർലമെന്റിൽ ഉണ്ടെങ്കിലേ മതനിരപേക്ഷത ശക്തിപ്പെടുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

പൗരത്വ നിയമത്തിനെതിരേ ശക്തമായ നിലപാടെടുത്തത് ഇടതുപക്ഷമാണ്. കേരളത്തിലെ എൽഡിഎഫ് സർക്കാരും നടപ്പാക്കില്ലെന്നു പറഞ്ഞു. കേരളത്തിലെ ഇടതുസർക്കാരിനെ വെട്ടയാടാൻ ബിജെപിയെ കൂട്ടുപിടിക്കുകയാണ് കോൺഗ്രസെന്നും അദ്ദേഹം കുറ്റപ്പെടുത്തി. മുഖ്യമന്ത്രിയെ ഇഡി അറസ്റ്റ് ചെയ്യാത്തതിനെ രാഹുൽ വിമർശിച്ചതിനു മറുപടിയായാണ് കാരാട്ട് ഇക്കാര്യം വ്യക്തമാക്കിയത്.

പത്തുവർഷംകൊണ്ട് മതനിരപേക്ഷതയും ഭരണഘടനാമൂല്യങ്ങളും തകർത്ത ബിജെപി സർക്കാർ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്ന് ഫെഡറൽ തത്വങ്ങളുടെ ലംഘനമാണ് നടത്തുന്നത്. അതിന്റെ ഭാഗമായാണ് സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം നൽകാത്തത്. രാജ്യത്ത് 45 ശതമാനം വരുന്ന യുവത്വം നിരാശയിലാണ്. കേന്ദ്ര സർവീസിൽമാത്രം 10 ലക്ഷം ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അത് നികത്തിയിട്ടില്ല.

കേരളത്തിൽനിന്നുള്ള 19 യുഡിഎഫ് എംപിമാരും സിഎഎ അടക്കമുള്ള വിഷയങ്ങളിൽ ബിജെപിയോടു സന്ധിചെയ്തു. ലോക്സഭയിൽ ഇടതുപക്ഷത്തിന്റെ ശക്തി വർധിച്ചാലേ രാജ്യത്തു ജനാധിപത്യം നിലനിൽക്കൂവെന്നും പ്രകാശ് കാരാട്ട് കൂട്ടിച്ചേർത്തു.

ശൈലജയെ അധിക്ഷേപിച്ചവർക്ക് ജനം മറുപടി നൽകും: വൃന്ദാ കാരാട്ട്

കൊച്ചി: വടകരയിലെ എൽഡിഎഫ് സ്ഥാനാർഥി കെ.കെ. ശൈലജയ്ക്കെതിരേ നടക്കുന്നത് ഏറ്റവും മോശമായ ആക്രമണമെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗം വൃന്ദാ കാരാട്ട്. വടകരയിൽ ശൈലജയുടെ വിജയം ഉറപ്പാണ്. അധിക്ഷേപിച്ചവർക്ക് ജനങ്ങൾ മറുപടി നൽകും. യുഡിഎഫ് നേതാക്കൾ ഈ വിഷയത്തിൽ അപലപിക്കില്ല. കാരണം അവരാണ് ഇതിനു നേതൃത്വം നൽകുന്നതെന്നും വൃന്ദാ കാരാട്ട് ആരോപിച്ചു. എറണാകുളം പ്രസ് ക്ലബ് സംഘടിപ്പിച്ച നോട്ട് ആൻഡ് ടോക്കിൽ സംസാരിക്കുകയായിരുന്നു വൃന്ദാ കാരാട്ട്.

നഷ്ടപ്പെട്ടു

എന്റെ ഡ്രൈവിംഗ് ലൈസൻസും (No: 9/3076/2005) ഹോണ്ട ആക്ടീവ മോട്ടോർ സൈക്കിളിന്റെ (KL-09-AC-8846) RC Bookഉം യാത്രാമധ്യേ എറണാകുളത്ത് വച്ച് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന അഡ്രസിൽ അറിയിക്കുക.
Anusreedas E T, W/o. Anoop M, 9/69 (10/477) Anjali House, Mundoor Post, Palakkad-678592. Mob: 9747821315

T2404-529136

അറിയിപ്പ്

ആലുവ താലൂക്ക്, കീഴ്മാട് വില്ലേജ്, റീസർവ്വേ ബ്ലോക്ക് നമ്പർ 33-ൽ, റീസർവ്വേ നമ്പർ 411/17/3-ൽ പെട്ട 9.74 ആർ വസ്തുവും, റീസർവ്വേ നമ്പർ 411/14/4-ൽ പെട്ട 3.05 ആർ വസ്തുവും (പഴയ സർവ്വേ 942/6) അതിൽ കൂടി 12.79 ആർസ് വസ്തുവും സകല അവകാശങ്ങളും ആലുവ സബ് രജിസ്ട്രി വക 2004-ലെ 2163-ാം നമ്പർ തീറാധാരപ്രകാരം എനിക്ക് ലഭിച്ചിട്ടുള്ളതാണ്. ടി വസ്തുവിന്റെ മുൻപ്രമാണമായ ആലുവ സബ് രജിസ്ട്രി വക 1991-ലെ 3117-ാം നമ്പർ ഇഷ്ടദാനാധാരത്തിന്റെ അസ്സൽ തിരികെ കിട്ടാത്ത വിധം കൈമോശം വന്നിട്ടുള്ളതാകുന്നു. ടി വസ്തു സ്റ്റേറ്റ് ബാങ്ക് ഇന്ത്യ, ആലുവ കാത്തലിക് സെന്റർ ബ്രാഞ്ചിൽ പണയപ്പെടുത്തി വിദ്യാഭ്യാസ ലോൺ എടുക്കാൻ ഉദ്ദേശിച്ച് വരുന്നതാകുന്നു. ടി മുന്നാധാരത്തിന്റെ അസ്സൽ ലഭിച്ചിട്ടുള്ളവർ/ലഭിക്കുന്നവർ ടി പരസ്യ തീയതി മുതൽ 15 ദിവസത്തിനകം ആയത് എന്നെയോ, ടി ബാങ്ക് മാനേജരെയോ എൽപ്പിക്കേണ്ടതും, കൂടാതെ ടി ആധാരത്തിന്റെ അടയാളസഹിതം പകർപ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആലുവ കാത്തലിക് സെന്റർ ബ്രാഞ്ചിൽ ഹാജരാക്കി ലോൺ നടപടികൾ എടുക്കുന്നതും ആയതിൽ വച്ച് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ അറിയിപ്പ് പ്രസിദ്ധപെടുത്തി 15 ദിവസത്തിനകം എന്നെയോ, ടി ബാങ്കിന്റെ ബ്രാഞ്ച് മാനേജരേയോ അറിയിക്കേണ്ടതാണെന്ന് താൽപര്യപ്പെടുന്നു.
Roopa Johny, Branch Manager, SBI, Aluva Cathalic Centre Branch, Mobile No: 8330010422, Saju C.D., Mobile No: 9645958536 Aluva 19-04-2024

E24504-529133

അനുഗ്രഹസ്മരണ



വി.യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഇ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ. (ഈ പ്രാർത്ഥന ദിവസം 9 പ്രാവശ്യം ചൊല്ലുക. 8 ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏതുകാര്യവും ചൊല്ലിയാൽ അത് ഒരുനാളും സഫലമാകാതിരിക്കില്ല.)

സാജു എം.പി.
മൂത്തേടൻ, ആയത്തുപടി

E2204-529137

നിമിഷ പ്രിയയെ കാണാൻ അമ്മ ഇന്ന് യെമനിലേക്ക്

കൊച്ചി: യെമൻ പൗരൻ തലാൽ അബ്ദുൾ മഹ്ദിയെ കൊലപ്പെടുത്തിയ കേസിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന നിമിഷ പ്രിയയെ കാണാൻ അമ്മ പ്രേമകുമാരി ഇന്ന് യെമനിലേക്ക് യാത്ര തിരിക്കും. വർഷങ്ങളായി യെമനിൽ ബിസിനസ് നടത്തുന്ന സാമുവൽ ജെറോമി നൊപ്പമാണ് മേരി എന്ന പ്രേമകുമാരി യെമനിലേക്കു പോകുന്നത്. യെമനിലേക്കു പോകാൻ അനുവാദം നൽകണമെന്നാവശ്യപ്പെട്ടു പ്രേമകുമാരി ഡൽഹി ഹൈക്കോടതിയെ സമീപിച്ചിരുന്നു. സ്വന്തം ഉത്തരവാദിത്വത്തിൽ അവിടേക്കു പോകാനുള്ള അനുവാദം വേണമെന്നായിരുന്നു ആവശ്യം.

കഴിഞ്ഞ മാസം ആദ്യം യെമനിലെ ഏദൻവരെ എത്താനുള്ള യാത്രാനുമതി പ്രേമകുമാരിക്ക് ലഭിച്ചിരുന്നു. ഡൽഹി ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണു യാത്രാനുമതി ലഭിച്ചത്. ഏദനിൽനിന്നു സനയിലേക്ക് റോഡ് മാർഗം യാത്ര ചെയ്യണമെങ്കിൽ സനയിൽനിന്നുള്ള അനുമതി ലഭിക്കണമായിരുന്നു. അതു ലഭിക്കാൻ വൈകിയതോടെയാണു യാത്ര മാറ്റിവയ്ക്കേണ്ടിവന്നത്. ഇന്നു പുലർച്ചെ 5.30ന് നെടുമ്പാശേരിയിൽനിന്ന് വിമാനമാർഗം മുബൈയിലെത്തും. അവിടെനിന്ന് വൈകുന്നേരം അഞ്ചിനാണ് യെമനിലേക്കുള്ള വിമാനം. യെമനിൽനിന്ന് നിമിഷ പ്രിയയെ ജയിലിൽ പാർപ്പിച്ചിരിക്കുന്ന സനയിലേക്ക് റോഡ് മാർഗം പോകുമെന്ന് നിമിഷ പ്രിയയുടെ അഭിഭാഷകൻ സുഭാഷ് ചന്ദ്രൻ പറഞ്ഞു. മൂന്നു മാസമാണ് വീസാ കാലാവധി. ഇതിൽ ഒരു മാസം പിന്നിട്ടു. ബാക്കിയുള്ള സമയത്തിനുള്ളിൽ മകളുടെ മോചനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തുതീർക്കാനുള്ള ശ്രമത്തിലാണ് പ്രേമകുമാരി. കഴിഞ്ഞ ഒമ്പതു വർഷമായി എറണാകുളം താമരച്ചാലിലെ ഒരു വീട്ടിൽ ജോലി ചെയ്യുകയാണ് പ്രേമകുമാരി.

കേസിൽ വിചാരണക്കോടതിയുടെ ശിക്ഷാവിധി യെമൻ സുപ്രീംകോടതിയും ശരിവച്ചിരുന്നു. യെമൻ പൗരന്റെ കുടുംബം അനുവദിച്ചാൽ മാത്രമേ വധശിക്ഷയിൽനിന്ന് നിമിഷ പ്രിയയെ രക്ഷിക്കാനാകൂ. പാലക്കാട് കൊല്ലങ്കോട് തേക്കിൻചിറ സ്വദേശിനിയായ നിമിഷ പ്രിയയുടെ ഭർത്താവ് തൊടുപുഴ സ്വദേശിയായ ടോമിയാണ്. ഇവർക്ക് ഏഴാം ക്ലാസിൽ പഠിക്കുന്ന മിഷേൽ (ചിന്നു)എന്ന മകളുണ്ട്.

2012ലാണ് നിമിഷ പ്രിയ യെമനിൽ നഴ്സായി ജോലിക്കു പോയത്. ഭർത്താവ് സ്വകാര്യ സ്ഥാപനത്തിലും നിമിഷ ക്ലിനിക്കിലും ജോലി നേടി. യെമൻ പൗരനായ തലാൽ അബ്ദുൾ മഹ്ദിയെ പരിചയപ്പെടുകയും ഇരുവരും ചേർന്ന് കച്ചവടപങ്കാളിത്തത്തോടെ ക്ലിനിക്ക് തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തു.

യെമൻ പൗരന്റെ ഉത്തരവാദിത്വത്തോടെയല്ലാതെ ക്ലിനിക്ക് ആരംഭിക്കാനാകില്ല എന്നതിനാലാണ് മഹ്ദിയുടെ സഹായം തേടിയത്. ബിസിനസ് തുടങ്ങാൻ നിമിഷയും ഭർത്താവും തങ്ങളുടെ സമ്പാദ്യമെല്ലാം മഹ്ദിക്ക് കൈമാറിയിരുന്നു. ഇടയ്ക്ക് ഇവർ നാട്ടിലേക്കു മടങ്ങിയെത്തിയെങ്കിലും പിന്നീട് നിമിഷ പ്രിയ മാത്രമാണ് യെമനിലേക്കു പോയത്. തുടർന്ന് തലാൽ അബ്ദുൾ മഹ്ദിയിൽനിന്നുണ്ടായ മാനസിക, ശാരീരിക പീഡനത്തിൽനിന്നു രക്ഷപ്പെടാനായി 2017ൽ മഹ്ദിയെ കൊലപ്പെടുത്തിയെന്നതാണ് നിമിഷപ്രിയയ്ക്കെതിരേയുള്ള കേസ്.

വിമാനയാത്രയ്ക്കിടെ വടകര സ്വദേശി മരിച്ചു

കോഴിക്കോട്: മസ്കറ്റിൽനിന്നും നാട്ടിലേക്കുള്ള വിമാനയാത്രാമധ്യേ വടകര സ്വദേശി മരണമടഞ്ഞു. വടകര സഹകരണ ആശുപത്രിക്കു സമീപം താമസിക്കുന്ന ചന്ദ്രിക ആശീർവാദ് വീട്ടിൽ സദാനന്ദന്റെ മകൻ സച്ചിനാ(42)ണ് മരിച്ചത്. വിമാനം ലാൻഡ് ചെയ്യാൻ ഒരുമണിക്കൂർ ശേഷിക്കെ ഇദേഹത്തിന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടു. മസ്കറ്റിൽ നിന്ന് ഇന്നലെ പുലർച്ചെ 2.30ന് കോഴിക്കോട്ടേക്കു പുറപ്പെട്ട എയർ ഇന്ത്യ എക്സ്പ്രസിന്റെ വിമാനത്തിലായിരുന്നു യാത്ര. ഭാര്യ: ഷെർലി: മകൻ: ആരോൺ സച്ചിൻ.

സ്കൂട്ടർ മറിഞ്ഞ് യുവതി മരിച്ചു

കൽപ്പറ്റ: കൈനാട്ടിയിൽ സ്കൂട്ടർ മറിഞ്ഞ് യുവതി മരിച്ചു. മുട്ടിൽ അമ്പുകുത്തിയിൽ താമസിക്കുന്ന രഞ്ജിത കൃഷ്ണനാണ്(27) മരിച്ചത്. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ യുവതിയെ കൽപ്പറ്റ ലിയോ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. യാത്രാമധ്യേ സ്കൂട്ടർ തെന്നി മാറിയുകയും റോഡിൽ മുഖം അടിച്ചു വീഴുകയും ചെയ്തു എന്നാണ് വിവരം.

എൻആർഐ കൗൺസിലിന്റെ പിന്തുണ ഇന്ത്യാ മുന്നണിക്ക്

കൊച്ചി: ലോക്സഭാ തെരഞ്ഞെടുപ്പിൽ മടങ്ങിയെത്തിയ പ്രവാസി സമൂഹത്തിന്റെ പൂർണ പിന്തുണ ഇന്ത്യാ മുന്നണിക്ക് നൽകുമെന്ന് എൻആർഐ കൗൺസിൽ ഓഫ് ഇന്ത്യ സെൻട്രൽ കമ്മിറ്റി ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. ഇന്ത്യയിലും വിദേശത്തുമായി പ്രവർത്തിക്കുന്ന 36 സംഘടനകളുടെ കൂട്ടായ്മയാണ് എൻആർഐ കൗൺസിൽ ഓഫ് ഇന്ത്യ.

ഹ്യുണ്ടായ് ഗ്രാമീൺ മഹോത്സവം

കൊച്ചി: ഹ്യുണ്ടായ് മോട്ടോർ ഇന്ത്യയുടെ 'ഗ്രാമീൺ മഹോത്സവ' രാജ്യത്തെ 16 സ്ഥലങ്ങളിൽ നടത്തും. ഉത്പന്ന പ്രദർശനങ്ങൾ, [illegible] ടാലന്റ് ഷോകൾ തുടങ്ങിയ പരിപാടികൾ ഇതിന്റെ ഭാഗമായി നടക്കും.

ഹൈബി ഈഡന് പാട്ടിലൂടെ പിറന്നാൾ ആശംസിച്ച് ഭാര്യയും മകളും

പിറന്നാളിനോടനുബന്ധിച്ച് ഭാര്യയും മകളും ഒരുക്കിയ വീഡിയോ ആൽബം യുഡിഎഫ് സ്ഥാനാർഥി ഹൈബി ഈഡൻ സമൂഹമാധ്യമത്തിൽ പങ്കുവച്ചപ്പോൾ.

കൊച്ചി: തെരഞ്ഞെടുപ്പ് ആവേശത്തിനിടെ യുഡിഎഫ് സ്ഥാനാർഥി ഹൈബി ഈഡന് പിറന്നാൾ സമ്മാനമായി വീഡിയോ ആൽബമൊരുക്കി ഭാര്യ അന്ന ഈഡനും മകൾ ക്ലാരയും. ഹൈബി ഈഡന് ക്ലാരയും അന്നയും ചേർന്നൊരുക്കിയ പിറന്നാൾ സമ്മാനം എന്ന ടൈറ്റിലോടെയാണ് ഗാനോപഹാരം തുടങ്ങുന്നത്. ഒരേ പാതയിൽ, ഒരേ യാത്രയിൽ എനിക്കുള്ളൊരാൾ, നമുക്കുള്ളൊരാൾ... എന്ന വരികളോടെയാണ് പാട്ട് ആരംഭിക്കുന്നത്.

ക്ലാരയും അന്നയും വീഡിയോയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കൊച്ചിയുടെ വിവിധ ഭാഗങ്ങളിലാണ് ഗാനം ചിത്രീകരിച്ചിരിക്കുന്നത്. ഹൈബിയും മകൾ ക്ലാരയുമൊത്തുള്ള നിമിഷങ്ങളും വീഡിയോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിനായക് ശശികുമാറിന്റെ വരികൾക്ക് മെജോ ജോസഫ് സംഗീതം പകർന്നു. വീഡിയോ ആൽബം സമൂഹമാധ്യമങ്ങളിൽ പങ്കുവച്ച ഹൈബി ഈ സമ്മാനം വളരെ സവിശേഷമായിരുന്നുവെന്നും കുറിച്ചു.

കേരളം രാജ്യത്തിന് ശരിയായ പാത കാണിക്കണം: യെച്ചൂരി

കിഴക്കമ്പലം: രാജ്യം രാഷ്ട്രീയമായ വലിയ പ്രതിസന്ധികൾ നേരിടുമ്പോൾ കേരളം രാജ്യത്തിന്റെ നേതാവായി മാറാറുണ്ടെന്നും ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യക്ക് ശരിയായ പാത കാണിച്ചു കൊടുക്കാൻ കേരളത്തിന് കഴിയണമെന്നും സിപിഎം അഖിലേന്ത്യാ ജനറൽ സെക്രട്ടി സീതാറാം യെച്ചൂരി. പ്രഫ. സി. രവീന്ദ്രനാഥിന്റെ തെരഞ്ഞെടുപ്പ് പ്രചാരണാർഥം കുന്നത്തുനാട് മണ്ഡലത്തിലെ പട്ടിമറ്റത്ത് സംഘടിപ്പിച്ച പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിപിഐ മണ്ഡലം സെക്രട്ടറി എംപി ജോസഫ് അധ്യക്ഷത വഹിച്ചു. മന്ത്രി പി. രാജീവ്, സിപിഎം ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ, പി.വി. ശ്രീനിജിൻ എംഎൽഎ തുടങ്ങിയവർ പങ്കെടുത്തു.

അനീഷ്യ കേസ്: ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് എപിപി അസോസിയേഷൻ

കൊച്ചി: കൊല്ലം പരവൂർ എപിപി അനീഷ്യയുടെ ആത്മഹത്യയെത്തുടർന്നുള്ള പോലീസ്, ക്രൈം ബ്രാഞ്ച് അന്വേഷണങ്ങളിൽ ഇടപെട്ടിട്ടില്ലെന്ന് കേരള അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് അസോസിയേഷൻ. ചില ദൃശ്യമാധ്യമങ്ങളിലും സമൂഹമാധ്യമങ്ങളിലും ഇത്തരത്തിൽ ആരോപണം ഉയർന്നിരുന്നു.

അന്വേഷണത്തോട് സഹകരിക്കുകയാണ് അസോസിയേഷൻ ചെയ്തിട്ടുള്ളത്. അതേസമയം ചില സമ്മർദങ്ങളുടെ ഫലമായി അന്വേഷണരീതിയും അന്വേഷണവും നിലവിൽ വഴിമാറുന്നുണ്ടെന്ന് അസോസിയേഷൻ ഭാരവാഹികൾ ആരോപിച്ചു. നീതിയുക്തവും നിഷ്പക്ഷവുമായ അന്വേഷണത്തിന് അസോസിയേഷന്റെ ഭാഗത്തുനിന്ന് എല്ലാ സഹകരണവും നൽകുമെന്നും ഭാരവാഹികൾ പറഞ്ഞു. പ്രസിഡന്റ് വി.എം. മുഹമ്മദ് ഷാഫി, സെക്രട്ടറി അനീഷ് ജോസഫ്, വൈസ് പ്രസിഡന്റ് ജോഫ്രി ജോർജ് ജോസഫ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

എം.ബി. സ്നേഹലത ഹൈക്കോടതി ജഡ്ജി

എം.ബി. സ്നേഹലത

കൊച്ചി: കേരള ഹൈക്കോടതിയിലേക്ക് എം.ബി. സ്നേഹലതയെ അഡീഷണൽ ജഡ്ജിയായി നിയമിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ക[illegible]ബറിലെ സുപ്രീംകോടതി കൊളീജിയത്തിന്റെ ശിപാർശ പരിഗണിച്ചാണ് കൊല്ലം ജ